**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല — പുറത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. അബു ഫൈസലിനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.226/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 24.01.2018

===========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 02.02.2017, 03.03.2017 എന്നീ തീയതികളിലെ ഡി4-35215/2016 നമ്പർ കത്ത്

2. സർക്കാരിന്റെ 11.07.2017-ലെ ഇപിബി2/59/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3. ശ്രീ. കെ. അബു ഫൈസൽ സമർപ്പിച്ച എതിർവാദ പത്രിക

4. പഞ്ചായത്ത് ഡയറക്ടറുടെ 04.04.2017-ലെ ഡി4-35215/2016 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ അബു ഫൈസൽ, ടിയാന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടവും ശ്രീ. നിസ്സാറുദ്ദീൻ എന്നയാൾക്ക് ക്രയവിക്രയം നടത്തിയതുമായി ബന്ധപ്പെട്ട് ചെക്ക് നൽകിയ കേസിൽ സെക്രട്ടറി ശ്രീ. അബു ഫൈസലിനെ ബഹു. കടയ്ക്കൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി S.O.422/2015 നമ്പർ കേസിൽ 3 മാസത്തെ സാധാരണ തടവിനും 15 ലക്ഷം രൂപ നഷ്ടപരിഹാരം നല്കുന്നതിനും ശിക്ഷിച്ചിരുന്നു എന്ന വിവരം പഞ്ചായത്ത് ഡയറക്ടർ 02.02.2017-ലെ പരാമർശം (1) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ കെ.സി.എസ്.(സി.സി.&എ) ചട്ടങ്ങൾ 1960, ചട്ടം 18 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച മറുപടിയിൽ തന്നെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി.

തന്റെ ഭാര്യക്ക് 2010-ൽ ജോലി ആവശ്യാർത്ഥം 17 ലക്ഷം രൂപ ആവശ്യമായി വന്നുവെന്നും വസ്തു വാങ്ങാൻ കാശ് കണ്ടെത്താൻ സാധിക്കാതെ വന്നതിനാൽ പണം പലിശയ്ക്ക് നൽകുന്ന ശ്രീ. നിസ്സാറുദ്ദിനിൽ നിന്നും 15 ലക്ഷം രൂപ കടം വാങ്ങി എന്നും ആയതിനു ജാമ്യമായി കടക്കൽ ഫെഡറൽ ബാങ്കിന്റെ 3 ചെക്കുകൾ ടിയാൻ നിർദേശിച്ച പ്രകാരം തിയതി രേഖപ്പെടുത്താതെ കൈമാറിയെന്നും എന്നാൽ ഭാര്യയുടെ അധ്യാപിക തസ്തികയുടെ അപ്രൂവൽ അനന്തമായി നീണ്ടതിനാൽ കടം വാങ്ങിയ തുക പറഞ്ഞ അവധിക്കുള്ളിൽ തിരികെ നല്കാൻ കഴിയാതെ വന്നുവെന്നും സ്ഥലം വിറ്റ രൂപ നൽകിയെങ്കിലും 2012 ഏപ്രിൽ ആയപ്പോഴേക്കും 8.5 ലക്ഷം രൂപ

മുതലും പലിശയും എണ്ണത്തിൽ കുടിശ്ശികയായെന്നും പറഞ്ഞ സമയത്തിനുള്ളിൽ കുടിശ്ശിക നല്കാതിരുന്നതിനാൽ തന്നെ ഭീഷണിപ്പെടുത്തി തന്റെ വീടിന്റെയും വസ്തുവിന്റെയും ആധാരം രജിസ്റ്റർ ചെയ്തു വാങ്ങി എന്നും, ബാധ്യത തീർക്കുമ്പോൾ വീടും വസ്തുവും തിരികെ എഴുതി നൽകുകയോ അല്ലെങ്കിൽ മുൻ ഉടമയുടെ പേരിലുള്ള കോർട്ട് അറ്റാച്ച്മെന്റ് തീർത്തശേഷം തന്റെ ബാങ്ക് ബാധ്യതയും താൻ നിസാറുദ്ദീനും, സോമൻപിള്ളയ്ക്കും നൽകുവാനുള്ള ബാധ്യതയും തീർത്തശേഷം 46 ലക്ഷം രൂപ തനിക്കു തിരികെ നൽകാമെന്നും ശ്രീ. നിസാറുദ്ദീൻ പറഞ്ഞിരുന്നുവെങ്കിലും ശ്രീ. നിസാറുദ്ദീൻ ആയതുപോലെ ചെയ്യാതിരുന്നതിനെ തുടർന്ന് താൻ 27.10.12-ൽ റൂറൽ എസ്.പി-ക്കു പരാതി നൽകിയെന്നും ആയതിൽ ഉണ്ടായ വിരോധം മൂലം താൻ നൽകിയ മൂന്ന് ചെക്കുകളിലും തിയതി രേഖപ്പെടുത്തി ബാങ്കിൽ സമർപ്പിക്കുകയും തനിക്കെതിരെ ചെക്ക് കേസ് നല്കുകയാണ് ഉണ്ടായതെന്നും ഈ കേസിൽ തന്നെ വിസ്തരിക്കാതെയാണ് കീഴ് കോടതി വിധി പുറപ്പെടുവിച്ചതെന്നും ആയതിനെതിരെ താൻ നൽകിയ അപ്പീലിൽ ബഹു. ജില്ലാ സെക്ഷൻ കോടതി, കീഴ് കോടതി വിധി സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ മേൽ കേസിൽ അന്തിമ വിധി വരുന്നതുവരെ തനിക്കെതിരെ നടപടി സ്വീകരിക്കരുതെന്നും ടിയാൻ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ വിധി, ബഹു. ജില്ലാ സെക്ഷൻ കോടതി സസ്പെന്റ് ചെയ്യുകയും ഈ കേസിൽ അന്തിമ വിധി ഉണ്ടായിട്ടില്ലാത്തതുമായ സാഹചര്യത്തിൽ റൂൾ 18 പ്രകാരം മറ്റു നടപടികളിലേക്ക് കടക്കുന്നതിനു മുൻപ് ഈ വിഷയത്തിൽ ഒരു ഔപചാരിക അന്വേഷണം നടത്തുന്നതാണ് ഉചിതം എന്നു കാണുന്നു. ഈ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം ടി കേസിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
2. ശ്രീ. കെ. അബുഫൈസൽ, മുൻ സെക്രട്ടറി, പുറത്തൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/59/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ